**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6062**

**02.04.2018 ലെ മറുപടിയ്ക്ക്**

**ഓഡിറ്റ് വകുപ്പ് ജീവനക്കാരെ സസ്പെന്റ് ചെയ്ത നടപടി**

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.കെ.സി.ജോസഫ് | ഡോ: ടി. എം.തോമസ് ഐസക്<br>ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി |
| എ | ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ പണിമുടക്കിൽ പങ്കെടുത്തശേഷം ഹാജരിൽ ഒപ്പുവച്ച ജീവനക്കാർക്ക് അനുമതിയില്ലാതെ ശമ്പളം നൽകിയെന്ന ചെയർമാന്റെ പരാതി അന്വേഷിക്കുന്നതിന് 1996 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 8,8(2) എന്നിവ പ്രകാരം രേഖകൾ ആവശ്യപ്പെട്ട സംസ്ഥാന ഓഡിറ്റ് വകുപ്പിലെ ജീവനക്കാരെ സസ്പെന്റ് ചെയ്യുവാനുള്ള കാരണം വ്യക്തമാക്കുമോ; | പണിമുടക്കിയ ജീവനക്കാരുടെ ശമ്പളം ചെയർമാന്റെ അംഗീകാരമില്ലാതെ സെക്രട്ടറി പിൻവലിച്ച് നൽകിയത് അന്വേഷിക്കാനാണ് ചെയർമാൻ ഓഡിറ്റ് വിഭാഗത്തോട് നേരിട്ട് ആവശ്യപ്പെട്ടത്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 15(3 ഡി) പ്രകാരം എല്ലാ ചെലവുകളും ചെയർമാൻ അംഗീകരിക്കേണ്ടതാണ്. കേരള മുനിസിപ്പാലിറ്റി നിയമം 49(1) (എഫ്) പ്രകാരം ചെയർമാന്റെ അധികാരപ്പെടുത്തൽ ഇല്ലാതെ/വിരുദ്ധമായി ശമ്പളം നൽകിയ സെക്രട്ടറിയുടെ നടപടിയെ സംബന്ധിച്ചുള്ളതാണ് ചെയർമാന്റെ പരാതി എന്നതിനാൽ ആയത് ഭരണപരമായ പരിഹാരം ആവശ്യമായ കാര്യമാണ്. ചെയർമാൻ ടി വിഷയം നഗരസഭാ കൗൺസിലിന്റെ ശ്രദ്ധയിൽപ്പെടുത്തുക എന്നതായിരുന്നു (Rule 14,Kerala Municipality Administrative Control over Employees Rule 2011) ചട്ടപ്രകാരം സാദ്ധ്യമായ നടപടി. ആയതിനാൽ ഇത് സംസ്ഥാന ഓഡിറ്റ് വകുപ്പ് തുടരന്വേഷണം നടത്തേണ്ട വിഷയം ആയിരുന്നില്ല. ഇതായിരുന്നു പരാതിക്കിടയാക്കിയത് |
| ബി | 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 അനുസരിച്ച് മുനിസിപ്പാലിറ്റിയുടെ ഭരണകാര്യങ്ങൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ഓഡിറ്റർക്ക് അധികാരമുണ്ടെന്നിരിക്കെ സംസ്ഥാന ഓഡിറ്റ് ഡയറക്ടറുടെ തെറ്റായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരെ സസ്പെന്റ് ചെയ്തത് മേൽ | കേരള മുൻസിപ്പാലിറ്റി റൂൾ 1997 ചട്ടം 10,13 പ്രകാരം സ്ഥാപനം സമർപ്പിച്ച വാർഷിക കണക്കിന്മേലാണ് ഓഡിറ്റ് നടത്തേണ്ടത്. കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 21(1) പ്രകാരം വാർഷിക കണക്കിൽ പരാമർശിച്ചിട്ടില്ലാത്ത വിഷയത്തിന്മേലോ അല്ലെങ്കിൽ ഏതെങ്കിലും ഗുരുതരമായ ക്രമക്കേട് കാണുന്ന പക്ഷം ആയത് ഓഡിറ്റ് ചെയ്യുന്നതിനോ വകുപ്പ മേധാവിയുടേയോ സർക്കാരിന്റെയോ മുൻകൂർ അനുമതി വാങ്ങിയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിസിപ്പാലിറ്റി റൂൾ 1997 ചട്ടം 13-ൽ ഉൾപ്പെടാത്ത വിഷയത്തിന്മേൽ വകുപ്പ് |

| | | |
|---|---|---|
| | ചട്ടങ്ങളുടെ ലംഘനമാണെന്നത് പരിശോധിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ നിലപാട് വിശദമാക്കുമോ; | മേധാവിയുടെ അനുമതിയില്ലാതെ ഓഡിറ്റ് നടപടികൾ സ്വീകരിച്ചതു മൂലമാണ് അന്വേഷണ റിപ്പോർട്ട് പ്രകാരം 2 ജീവനക്കാരെ സർക്കാർ സസ്പെന്റ് ചെയ്തത്. |
| സി | 1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 24 അനുസരിച്ച് പ്രസ്തുത നിയമത്തെ വിശ്വാസത്തിലെടുത്ത് ജോലി ചെയ്യുന്ന ജീവനക്കാർക്ക് എല്ലാ നിയമ നടപടികളിൽ നിന്നും സംരക്ഷണം ഉറപ്പ് നൽകിയിട്ടുണ്ടെന്നിരിക്കെ ഈ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച് മാത്രം ജോലി ചെയ്ത ഓഡിറ്റ് വകുപ്പ് ജീവനക്കാരെ സസ്പെന്റ് ചെയ്തത് നിയമം ഉറപ്പ് നൽകിയിട്ടുള്ള സംരക്ഷണത്തിന്റെ ലംഘനമാകില്ലേ എന്നത് പരിശോധിക്കുമോ? | കേരള മുനിസിപ്പിലാറ്റി റൂൾ 1997 ചട്ടം 10,13 പ്രകാരം സ്ഥാപനം സമർപ്പിച്ച വാർഷിക കണക്കിന്മേലാണ് ഓഡിറ്റ് നടത്തേണ്ടത്. കേരള ലോക്കൽ ഫണ്ട ഓഡിറ്റ് ആക്ട് സെക്ഷൻ 21(1) പ്രകാരം വാർഷിക കണക്കിൽ പരാമർശിച്ചിട്ടാത്ത വിഷയത്തിന്മേലോ അല്ലെങ്കിൽ ഏതെങ്കിലും ഗുരുതരമായ ക്രമക്കേട് കാണുന്ന പക്ഷം ആയത് ഓഡിറ്റ് ചെയ്യുന്നതിന് വകുപ്പ മേധാവിയുടേയോ സർക്കാരിന്റെയോ മുൻകൂർ അനുമതി വാങ്ങിയിരിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള മുനിലിപ്പാലിറ്റി റൂൾ 1997 ചട്ടം 13 ൽ ഉൾപ്പെടാത്ത വിഷയത്തിന്മേൽ വകുപ്പ് മേധാവിയുടെ അനുമതിയില്ലാതെ ഓഡിറ്റ് നടപടികൾ സ്വീകരിച്ചതു മൂലമാണ് അന്വേഷണ റിപ്പോർട്ട് പ്രകാരം 2 ജീവനക്കാരെ സർക്കാർ സസ്പെന്റ് ചെയ്തത്. |

അക്കൗണ്ട്സ് ഓഫീസർ